**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5570 25/10/2011 ൽ മറുപടിയ്ക്ക്

**എസ്.സി., എസ്.റ്റി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക്**

**സൈക്കിൾ നൽകുന്ന പദ്ധതി**

ചോദ്യം
ശ്രീ. ബി. സത്യൻ

മറുപടി
ശ്രീ. എ.പി. അനിൽകുമാർ
(പട്ടിക ജാതി - പിന്നോക്ക സമുദായ ക്ഷേമവും
വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എസ്.സി.എസ്.റ്റി വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം ഏത് ക്ളാസ്സിൽ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് സൈക്കിൾ നൽകുന്നത്; ഏതു വകുപ്പാണ് ഇതിനു നേതൃത്വം നൽകുന്നത്; | (എ) | ഉണ്ട്, സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എട്ടാംക്ലാസ്സിൽ പഠിക്കുന്ന എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്കാണ് സൈക്കിൾ നൽകുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ ഈ പദ്ധതിയ്ക്ക് നേതൃത്വം നൽകുന്നു. |
| (ബി) | ഈ പദ്ധതിയിൽ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല എന്താണ്; പ്രസ്തുത പദ്ധതി എന്നാണ് നിലവിൽ വന്നത്; വിശദമാക്കാമോ? | (ബി) | സൈക്കിളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള തുക ബന്ധപ്പെട്ട സ്കൂൾ മേധാവി മുഖേന വിതരണം ചെയ്യേണ്ടതാണ് എന്നും, ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ തുക വിനിയോഗിച്ച് സൈക്കിൾ വാങ്ങി എന്നുറപ്പാക്കുന്നതിന് അതാത് സ്കൂൾ മേധാവിയും പി.ടി.എ പ്രസിഡന്റ്, പട്ടികജാതി വികസന ഓഫീസർ എന്നിവരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ് എന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി 12.9.2011 ൽ നിലവിൽ വന്നു. |

സെക്ഷൻ ഓഫീസർ